## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2078

07.07.2015-ലെ മറുപടിയ്ക്ക്

### കൺസ്യൂമർ ഫെഡിലെ ക്രമക്കേടുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | കൺസ്യൂമർ ഫെഡിൽ നടത്തിയ ക്രമക്കേടുകളെ തുടർന്ന് കൊല്ലം ജില്ലയിൽ സസ്പെൻഷന് വിധേയരായ ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ ; | (എ) | കൺസ്യൂമർഫെഡിൽ നടത്തിയ ക്രമക്കേടുകളെ തുടർന്ന് കൊല്ലം ജില്ലയിലെ മുൻ സീനിയർ മാനേജർ ശ്രീ.എം.ഷാജിയെ പത്തനംതിട്ട ബിസിനസ്സ് മാനേജരായി ജോലിയിലിരിക്കവെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥർ നടത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണ് ; ക്രമക്കേടുകളെ തുടർന്ന് കൺസ്യൂമർഫെഡിന് ഉണ്ടായ നഷ്ടം എത്ര തുകയുടേതാണെന്ന് വ്യക്തമാക്കുമോ? | (ബി) | അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുള്ള ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.<br>1. 22.12.2012-ൽ മാനേജിംഗ് ഡയറക്ടറുടെ 122 നമ്പർ സർക്കുലർ പ്രകാരം പച്ചക്കറി സംഭരിക്കുന്നതിന്റെ സംസ്ഥാനതല ചുമതല സീനിയർ മാനേജർ ശ്രീ.എം.ഷാജിക്ക് നൽകുകയും കോയമ്പത്തൂർ, ഊട്ടി, മേട്ടുപാളയം, ഒട്ടചത്രം, മൈസൂർ തുടങ്ങിയ അന്യസംസ്ഥാനങ്ങളിലെ സ്ഥലങ്ങളിൽ നിന്നും പച്ചക്കറി മൊത്തമായി വാങ്ങണമെന്നും, പെയ്മെന്റ് ഹെഡ്ഓഫീസിൽ നിന്നും മാത്രമേ നൽകാവൂ എന്നും |

നിർദ്ദേശിച്ചിരുന്നു.
എന്നാൽ ശ്രീ.എം.ഷാജി
ടിയാന്റെ സഹോദരന്റെ
ഉടമസ്ഥതയിലുള്ള
എൻ.ആർ.
വെജിറ്റബിൾസ് എന്ന
സ്ഥാപനം മുഖേന
ലക്ഷക്കണക്കിന്
രൂപയുടെ പച്ചക്കറി
വാങ്ങുകയും, ഈ
ഇനത്തിൽ 10,81,591
രൂപ ചെക്ക് മുഖേന
നൽകുകയും ചെയ്തിട്ടുണ്ട്.
സപ്ലയർക്ക് പെയ്മെന്റ്
നൽകുമ്പോൾ എഴുതി
സൂക്ഷിക്കേണ്ട സപ്ലയർ
അക്കൗണ്ട്, പെയ്മെന്റ്
രജിസ്റ്റർ എന്നിവ എഴുതി
സൂക്ഷിക്കുകയോ, ഫയൽ
ജോലികൾ കൃത്യമായി
നടത്തുകയോ ചെയ്തിട്ടില്ല.

2. 2012-13 കാലയളവിൽ 8.03 കോടി രൂപയുടെ പച്ചക്കറി വ്യാപാരം നടത്തിയതിൽ 5 കോടി രൂപയുടെ പച്ചക്കറി എൻ.ആർ. വെജിറ്റബിൾസ് എന്ന സ്ഥാപനത്തിന്റെ പേരിലാണ് വിതരണം ചെയ്തിട്ടുള്ളത്. ഇവയിൽ 1.28 കോടി രൂപ നൗഷാദ് എന്ന ആളിന്റെ പേരിലും, ബാക്കി തുക എൻ.ആർ. വെജിറ്റബിൾസ് എന്ന പേരിലും സംശയാസ്പദമായ രീതിയിലാണ് ചെക്ക് നൽകിയിരിക്കുന്നത്. ബില്ലുകൾ നൽകിയിരിക്കുന്നതും സംശയാസ്പദമാണ്. കൃത്യമായ ബിൽ നമ്പരോ, വിതരണക്കാരന്റെ

വ്യക്തമായ
മേൽവിലാസമോ
ഇല്ലാതെ കമ്പ്യൂട്ടർ
സെന്ററുകളിൽ നിന്നും
ഡി.റ്റി.പി.യിൽ
തയ്യാറാക്കിയ
ബില്ലുകളിൽ അളവും
തുക്കവും വിലയും ആകെ
തുകയും പേന കൊണ്ട്
എഴുതി ചേർത്ത ബില്ലുകൾ
പ്രകാരം ഏകദേശം 1.23
കോടി രൂപയുടെ
ഇടപാടുകൾ
നടത്തിയതായി
കാണുന്നു.
എൻ.ആർ.
വെജിറ്റബിൾസ്,
കോയമ്പത്തൂർ എന്ന്
രേഖപ്പെടുത്തി ഡി.റ്റി.പി.
സെന്ററിൽ തയ്യാറാക്കിയ
ബില്ലിൽ
എൻ.ആർ.വെജിറ്റബിൾ
ഭരണിക്കാവ് (കൊല്ലം)
എന്ന് സീൽ
ചെയ്തിട്ടുള്ളതും,
വലിയതോതിലുള്ള
തിരുത്തലുകൾ
വരുത്തിയിട്ടുള്ളതും ഈ
ഇടപാടുകളിൽ നടന്നിട്ടുള്ള
അഴിമതിയുടെ വ്യാപ്തി
വെളിച്ചത്തു
കൊണ്ടുവരുന്നതാണ്.
എൻ.ആർ.വെജിറ്റബിൾ
എന്ന സ്ഥാപനത്തിന്റെ
പേരിൽ വിതരണം
ചെയ്യുന്ന പച്ചക്കറിയുടെ
അളവിൽ
വലിയതോതിലുള്ള കുറവു
വരുന്നതായി വിപണന
മേളയുടെ ചുമതലയുള്ളവർ
റിപ്പോർട്ട് നൽകിയിട്ടും
ഈ കുറവ്
വിതരണക്കാരൻ
നൽകിയിട്ടുള്ള ബിൽ
തുകയിൽ കുറവ്

ചെയ്യുന്നതായി കാണുന്നില്ല.

3. 2011-12 കാലയളവിൽ 1.17 കോടി രൂപയുടെ പച്ചക്കറി വിതരണം ചെയ്ത എ.ആർ.എസ് വെജിറ്റബിൾസും, 2012-13 സാമ്പത്തിക വർഷം 5 കോടി രൂപയുടെ പച്ചക്കറി വിതരണം ചെയ്ത എൻ.ആർ. വെജിറ്റബിൾസും ഒന്നു തന്നെയാണെന്നും, ഇത് കൺസ്യൂമർഫെഡിലെ കൊല്ലം, നീതി വിതരണ കേന്ദ്രം സീനിയർ മാനേജരായിരുന്ന എം.ഷാജിയുടെ ബിനാമി ആണെന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.
4. ക്യാഷ് ചെക്ക് നൽകി പച്ചക്കറി, പ്രിന്റിംഗ് സ്റ്റേഷനറി, ഫർണിച്ചർ എന്നിവ വാങ്ങിയിട്ടുള്ളതായി കാണുന്നു. ഇത് ക്രമവിരുദ്ധമാണ്.
5. നന്മ ഗോഡൗണിൽ പലചരക്ക സാധനങ്ങൾ പാക്ക് ചെയ്ത് നൽകുന്നതിന് വേണ്ടി എൻ.ആർ.ബിരിയാണി ആന്റ് പ്ലാസ്റ്റിക്സ് ഭരണിക്കാവ്, ഡിജിറ്റൽ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമായി 21,04,631 രൂപയുടെ പാക്കിംഗ് കവർ വാങ്ങി ക്യാഷ് ചെക്ക് മുഖേന പെയ്മെന്റ് നൽകിയിരിക്കുന്നു.
6. ഇത്രയും വലിയ തുകയ്ക്ക് പാക്കിംഗ് മെറ്റീരിയൽ വാങ്ങുമ്പോൾ ആവശ്യമായ ക്വട്ടേഷനോ

ആവശ്യമായ
രജിസ്റ്ററുകളോ മറ്റ്
അനുബന്ധ ഫയലുകളോ
ഇല്ലാതെയാണ് പെയ്മെന്റ്
നൽകിയിരിക്കുന്നത്.
മാത്രമല്ല,
ഹെഡ്ഡാഫീസിൽ നിന്നും
മാരുതി പോളിമർ,
പുതുക്കോട്ടെ, തമിഴ് നാട്
എന്നീ സ്ഥാപനവുമായി
കരാർ
ഉണ്ടാക്കിയിട്ടുള്ളതുമാണ്.
ഇതിൽ ലക്ഷക്കണക്കിനു
രൂപയുടെ പാക്കിംഗ്
സാധനങ്ങൾ കൊല്ലം
നീതി വിതരണ
കേന്ദ്രത്തിൽ
ഉപയോഗമില്ലാതെ
കെട്ടികിടക്കുന്നു.

7. നീതി ഗോഡൗൺ, നന്മ
പാക്കിംഗ് സെന്ററുകൾ,
നന്മ സ്റ്റോറുകൾ
എന്നിവയുടെ
ആവശ്യത്തിലേക്ക് എന്ന
രീതിയിൽ ക്വട്ടേഷനുകൾ
ക്ഷണിക്കാതെയും
ഫർണിച്ചർ
രജിസ്റ്ററുകളിൽ
ഉൾപ്പെടുത്താതെയും
22,37,198 രൂപയുടെ
ഫർണിച്ചറുകൾ
എ.ആർ.ഫർണിച്ചർ,
ഭരണിക്കാവ്, സോണി
വുഡ് ഇൻഡസ്ട്രീസ്,
ശിവപ്രസാദ് (ഡെസ്ക്)
മിട്ടുസ് സ്റ്റീൽ ഫാബ്
തുടങ്ങി ഭരണിക്കാവ്
കേന്ദ്രീകരിച്ച്
സ്ഥാപനങ്ങളിൽ നിന്നും
വാങ്ങി ക്യാഷ് ചെക്ക്
നൽകിയിട്ടുണ്ട്.
ഫർണിച്ചറുകളുടെ സ്റ്റോക്ക്
ലിസ്റ്റ് എഴുതി
സൂക്ഷിക്കുന്നില്ല.
മാത്രവുമല്ല, അവ

എവിടെയാണ്
ഉപയോഗിക്കുന്നത്
എന്നറിയുവാനുള്ള
രേഖകളുമില്ല.

8. പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി എന്ന ഇനത്തിൽ മണിയൻപിള്ള (കേരള ഓഫ് സെറ്റ്) ഭരണിക്കാവ് എന്ന സ്ഥാപനത്തിന് 10,94,970/- രൂപ ക്യാഷ് ചെക്ക് നൽകിയതായി ബോദ്ധ്യപ്പെടുന്നു. ഇത്രയും വലിയ തുകയ്ക്ക് പ്രിന്റിംഗ് സ്റ്റേഷനറി വാങ്ങിക്കുന്നതിന് ആവശ്യമായ ക്വട്ടേഷനുകളോ അതിനനുബന്ധ ഫയൽ ജോലികളോ നടത്തിയിട്ടില്ല. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ കുന്നംകുളത്ത് പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വിൽപ്പന നടത്തുന്ന സ്ഥാപനത്തെ ഒഴിവാക്കിയാണ് ലക്ഷക്കണക്കിന് രൂപ ഈ ഇനത്തിൽ ചെലവാക്കിയിരിക്കുന്നത്.

9. റീജിയണൽ മാനേജർതലത്തിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന് ഒരു പ്രാവശ്യം ആഫീസ് സ്റ്റേഷനറി ഇനത്തിൽ പർച്ചേസ് ചെയ്യാവുന്ന ബിൽ തുക 2000 രൂപയാണെന്ന് നിജപ്പെടുത്തി മാനേജിംഗ് ഡയറക്ടർ 25.4.2011 ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിനു വിരുദ്ധമായിട്ടാണ്

ഭീമമായ തുകയ്ക്ക് ക്യാഷ് ചെക്ക് നൽകി മുകളിൽ പറഞ്ഞ പ്രവർത്തി നടത്തിയിട്ടുള്ളത്.

10. വിവിധ ആവശ്യങ്ങൾക്കായി വൗച്ചർ മുഖാന്തിരം തുകകൾ ചെലവിടുകയും ഇത് ക്രമവിരുദ്ധമാണെന്നും പിടിക്കപ്പെട്ടുമെന്നും ബോദ്ധ്യപ്പെട്ട് അതേ തുകകൾ വരവ് വച്ച് വീണ്ടും മേപ്പടി തുകകൾക്കുള്ള ക്യാഷ്ചെക്ക് എഴുതി ചെലവുകൾ ക്രമീകരിച്ചു.

11. നന്മ പായ്ക്കിംഗ് സെന്ററുകളിൽ നിന്നും സ്റ്റോറുകളിലേയ്ക്ക് സാധനങ്ങൾ എത്തിക്കുന്നതിന് വേണ്ടി വാടകയ്ക്കെടുത്ത് ഓടിച്ചിരുന്ന 20 വാഹനങ്ങൾക്ക് 2013-2014 വർഷം 64,54,993/- രൂപയും 2014-15 വർഷം 68,16,997/- രൂപയും നൽകിയിട്ടുണ്ട്. ഇവയുടെ നിരക്കുകൾ നിശ്ചയിച്ച് കരാർ വച്ചിട്ടുള്ളത് പരസ്യമായ ലേലത്തിന്റെ അടിസ്ഥാനത്തിലല്ലാത്ത തിനാൽ കൺസ്യൂമർഫെഡറേഷന് വലിയ സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ട്. തുക സംബന്ധിച്ച വിവരങ്ങൾ കണക്കാക്കി വരുന്നു.

സെക്ഷൻ ഓഫീസർ